ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കോളേജ് വിദ്യാഭ്യാസത്തിനും എത്ര രൂപാ ചെലവായിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു കോളേജ് വിദ്യാർത്ഥിക്ക് ഒരു മാസം 60 രൂപാവരെ കൊടുത്തുവരുന്നു. മിഡിൽസ്കൂൾ വിദ്യാർത്ഥിക്ക് 6 രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിക്ക് 10 രൂപയും നൽകുന്നു. എന്നാൽ ഈ ഇനത്തിൽ ഓരോന്നിനും എത്ര രൂപ വീതം ചെലവായി എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഒരു പ്രൈമറി വിദ്യാഭ്യാസ വിഷയത്തിൽ ധനപരമായി കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ സഹായം വല്ലതും നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പുസ്തകം വാങ്ങുന്ന വിഷയത്തിൽ സഹായം നൽകിയിട്ടുണ്ട്.

## അവശസമുദായ സംരക്ഷണം

* 1. (മൂ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ സംരക്ഷണ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ അവശസമുദായോദ്ധാരണ പരമായി തിരുവനന്തപുരം ഡിവിഷൻ മുഖേന പ്രത്യേക പ്രവർത്തനങ്ങൾ ഏതെങ്കിലും നടത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തന പരിപാടികൾ എന്തെല്ലാം?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ഈ ഡിപ്പാർട്ടുമെണ്ടിന്റെ ഗ്രാന്റിൽനിന്നും പല താലൂക്കുകളിലായി ഒരു ലക്ഷത്തിൽപ്പരം രൂപാ ചെലവുചെയ്തു. തിരുവനന്തപുരം താലൂക്കിൽ പാർട്ടൺ ഹില്ലിൽ ഒരു കോളനി തീർക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തു കടകംപള്ളി പകൃതിയിൽ സർവ്വേ നമ്പർ 1—ൽ 1 ഏക്കർ ഭൂമി ഈ ആവശ്യത്തിലേക്ക് കൈമാറ്റം ചെയ്യുവാൻ നടപടി നടന്നുവരുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്തു ഒരു ഹരിജന ഹോസ്റ്റൽ നടത്തിവരുന്നുണ്ട്. എട്ടു നിശാപാഠശാലകളും രണ്ടു ഗ്രന്ഥശാലകളും നടപ്പാക്കിയിട്ടുണ്ട്. ഒരു ആയുർവ്വേദ വൈദ്യനെ നിയമിച്ചു പേട്ടയിലും പരിസരങ്ങളിലും ഉള്ള ആളുകൾക്ക് വൈദ്യസഹായം നൽകുവാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. ടി. വി. ദേവൻ: ഈ വൈദ്യൻ പിന്നോക്ക സമുദായത്തിൽ പെട്ട ആളാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആണെന്നാണ് തോന്നുന്നത്. പേര് വേലായുധൻ എന്നാണ്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: പാർട്ടൺ ഹില്ലിൽനിന്നും മുനിസിപ്പാലിറ്റിക്കാർ ഹരിജനങ്ങളെ ഇറക്കിവിട്ടതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ നടപടി നിവർത്തിക്കുവാൻ ഗവർമ്മെണ്ടിൽനിന്നും ഉത്തരവു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാപ്പുപിള്ള: ഹരിജനങ്ങളുടെ കായ്ത്തിൽ ശരിയായ റിപ്പോർട്ട് സമർപ്പിക്കുന്നതിനു് ഒരു എൻകയറി കമ്മറിയെ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ആവശ്യം ഇല്ല. അവശസമുദായ സംരക്ഷകൻ ഈ കായ്ത്തിലേക്കു് നിയമിച്ചിട്ടുള്ള അഡൈവസറി കമ്മിറിയുമായി ആലോചിച്ചു് ഇതുമാതിരി പദ്ധതികൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണു ചെയ്യുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അപ്പോൾ ഈ കാര്യത്തിലേക്കു് ഒരു എൻകയറി കമ്മിറിറി ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. ഇട്ടീര അയ്യക്കൻ: പിന്നോക്കസമുദായക്കാർ എന്നുള്ള പദപ്രയോഗം അവക്കു് സുന്ദരമായി തോന്നാത്തതിനാൽ മേലാൽ ഹരിജനങ്ങൾ എന്നു് ഉപയോഗിക്കാമോ?

**Mr. Speaker:** It is a suggestion.

## വ്യവസായശാല

*൩൩൩. (൧൩) സാഹിബു് ബഹദൂർ റാവു. എ. മൊയ്തീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) കൊല്ലത്തു സ്റ്റീൽ ട്രങ്കുകളും ബക്കറ്റുകളും മറ്റും നിർമ്മിക്കുന്ന ഒരു വ്യവസായശാലയുള്ളതായി ഗവൺമെണ്ടിനറിയാമോ;

(ബി) അവിടെ എത്ര ആളുകൾ തൊഴിൽചെയ്യുന്നുവെന്നറിയാമോ;

(സി) അവക്കാവശ്യമുള്ള മെറ്റീരിയൽസ് സപ്ലൈ ചെയ്യണമെന്നു് ഇൻഡ്യാഗവൺമെണ്ടു് വ്യവസായ വകുപ്പിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

(ഡി) നിർദ്ദേശമനുസരിച്ചോ അല്ലാതെയോ അവർക്കാവശ്യമുള്ള സാധനങ്ങൾ നൽകി വരുന്നുണ്ടോ?

(ഇ) ഇതുപോലെയുള്ള എതെല്ലാം സ്ഥാപനങ്ങൾക്കു് എത്രവീതം മെറ്റീരിയൽസ് കോട്ടാ പ്രകാരം നൽകിവരുന്നുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) (എ) അറിയാം.

(ബി) ഏഴു പേർ.

(സി) ഇല്ല. എന്നാൽ ഈ വ്യവസായശാല ഫാക്ടറി ആക്ടിൻപ്രകാരം രജിസ്റ്റർചെയ്തിട്ടുള്ളതല്ലെന്നും വിദഗ്ദ്ധശക്തി ഉപയോഗിച്ചു പ്രവർത്തനം നടത്താൻ സാധ്യമല്ലെന്നും അതുകൊണ്ടു് ഇൻഡ്യാ ഗവൺമെണ്ടിനു് ഇതിനു സഹായിക്കാൻ നിവൃത്തിയില്ലെന്നും അതിനാൽ സഹായത്തിനു് സംസ്ഥാനഗവൺമെണ്ടിനെ സമീപിക്കണമെന്നും അവരെ അറിയിച്ചിട്ടുണ്ടു്.

(ഡി) കഴിവുള്ളിടത്തോളമുള്ള എല്ലാ സഹായങ്ങളും നൽകിവരുന്നുണ്ടു്.

(ഇ) ഒരു ക്ലിപ്തകോട്ടാ അനുവദിച്ചിട്ടില്ല. എന്നാൽ ഇൻഡ്യാഗവൺമെണ്ടിൽനിന്നും കിട്ടുന്ന കോട്ടായുടെ അടിസ്ഥാനത്തിൽ അപ്പോഴപ്പോൾ ലഭിക്കുന്ന സാധനങ്ങളിൽ അവരുടെ അപേക്ഷപ്രകാരം മെറ്റീരിയൽസ് നൽകിവരുന്നുണ്ടു്.

ശ്രീ. പി. കെ. ഡീവർ: ഈ കോട്ടാ കൊടുക്കുന്ന സാധനങ്ങൾ ഉപയോഗിച്ചു് അവർ മാനുഫാക്ചർ ചെയ്യുന്നുണ്ടോ എന്നന്വേഷിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതന്വേഷിക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly